പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2497 23.01.2014-ൽ മറുപടിക്ക്

ഗോത്ര ജ്യോതി പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ.വി.ഡി.സതീശൻ : | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | ഗോത്ര ജ്യോതി പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി എങ്കിലും പാസ്സായ 15-നും 30-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്ക് മികച്ച തൊഴിലുകൾ ലഭ്യമാക്കുന്നതിന് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | തമിഴ്നാട്ടിലെ ശ്രീപെരുംപുത്തൂരിൽ പ്രവർത്തിക്കുന്ന രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ്, കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീം എന്നീ ഏജൻസികൾ ഇതുമായി സഹകരിക്കുന്നു. |
| (ഡി) | പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | തൊഴിൽ പരിശീലനങ്ങൾ, ധനസഹായം, പഠനോപകരണവിതരണം, തുടങ്ങിയവ കൂടാതെ അതാതു വിഭാഗങ്ങളിലെ വിദഗ്ധതലങ്ങളിൽ നിന്നും കരിയർ ഗൈഡൻസ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**